**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1912** **31-08-2022 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വഖഫ് ബോർഡിന്റെ പ്രവർത്തനത്തിന് കേന്ദ്ര വിഹിതം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് വഖഫ് ബോർഡിന്റെ പ്രവർത്തനത്തിന് കേന്ദ്ര വിഹിതം ലഭ്യമാക്കുന്നുണ്ട്. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഖൗമി വഖഫ് ബോർഡ് തറാക്കിയത്തി സ്കീം എന്ന പദ്ധതിൻ കീഴിലുള്ള വഖ്ഫ് വസ്തുക്കളുടെ ജി.ഐ.എസ് മാപ്പിംഗ് ഉൾപ്പെടെ പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ ആകെ 2,78,64,652/- രൂപ വഖഫ് ബോർഡിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | വഖഫ് ബോർഡിന് പ്രതിവർഷം സംസ്ഥാന സർക്കാർ അനുവദിയ്ക്കുന്ന ഗ്രാന്റ്, വിഹിതം എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | 'വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്' ഇനത്തിൽ 72 ലക്ഷം രൂപയും 'വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം' ഇനത്തിൽ 132 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷം സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ 5 വർഷം കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അനുവദിച്ച വിഹിതം, ഗ്രാന്റ് എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ? | (സി) | ഖൗമി വഖഫ് ബോർഡ് തറാക്കിയത്തി സ്കീം എന്ന പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ വിഹിതമായി ആകെ 2,78,64,652/- രൂപ വഖഫ് ബോർഡിന് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ 'വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്', 'വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം' എന്നീ ഇനങ്ങളിലായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച ഗ്രാന്റ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കഴിഞ്ഞ 5 വർഷം കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഖഫ് ബോർഡിന് അനുവദിച്ച ഗ്രാന്റ് സംബന്ധിച്ച വിവരം**

**കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ്**

| **വർഷം** | **അനുവദിച്ച തുക** |
|---|---|
| 2017-18 | 56,46,600 |
| 2018-19 | 62,70,722 |
| 2019-20 | 43,03,805 |
| 2020-21 | 65,26,515 |
| 2021-22 | 51,17,010 |
| ആകെ | 2,78,64,652 |

**സംസ്ഥാന സർക്കാർ അനുവദിച്ച ഗ്രാന്റ്**

| വർഷം | അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് | സ്പെഷ്യൽ ഗ്രാന്റ് |
|---|---|---|
| 2017-18 | 72 ലക്ഷം | 60,00,000/- |
| 2018-19 | 72 ലക്ഷം | 2,50,00,000/- |
| 2019-20 | 21,60,000/- | 42,24,000/- |
| 2020-21 | 1,22,40,000/- | 3,32,00,000/- |
| 2021-22 | 1,22,00,000/- | 1,32,00,000/- |